പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1706 — 4/12/2015 ൽ മറുപടിക്ക്

## ഗോവർദ്ധിനി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.പി. സജീന്ദ്രൻ : | | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.<br>2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.<br>3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.<br>4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.<br>5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.<br>6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.<br>7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | 2014-15 സാമ്പത്തിക വർഷം 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുന്നതിന് സാധിച്ചു. ഈ സാമ്പത്തിക വർഷം ഗോവർദ്ധിനിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയുടെ ഭരണാനുമതി നൽകി തുക ജില്ലകളിലേക്ക് കൈമാറിയിട്ടുണ്ട്. അപ്രകാരം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും ഈ വർഷം എൻറോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന 9,840 കന്നുകുട്ടികൾക്കും വേണ്ടി തുക വിനിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ